## എറണാകുളം റൂറൽ ജില്ലയിലെ ലോക വനിതാ ദിനാഘോഷം

ലോക വനിതാ ദിനത്തോടനുബന്ധിച്ച് എറണാകുളം റൂറൽ ജില്ലയിൽ പോലീസ് സ്റ്റേഷനുകളിലെ പ്രധാന ഡ്യൂട്ടികളിൽ ഇന്ന് വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു

ഇന്ന് എറണാകുളം റൂറൽ ജില്ലയിലെ പ്രധാനപ്പെട്ട ഡ്യൂട്ടികൾ പലതും നിർവ്വഹിച്ചത് വനിതാ പോലീസ് ഉദ്യോഗസ്ഥരായിരുന്നു. ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഇന്ന് എസ്.എച്ച്.ഒ ചാർജ്ജ് വഹിച്ചത് വനിതാ സീനിയർ സി.പി.ഒ ഷീബ.കെ ആണ്. ജി.ഡി ഡ്യൂട്ടി, പെറ്റീഷൻ ഡ്യൂട്ടി, എന്നിവയ്ക്ക് ഓരോ വനിതാ പോലീസ് ഉദ്യേഗസ്ഥരെ നിയോഗിച്ചിരുന്നു. കൂടാതെ പാറാവ് ഡ്യൂട്ടിയ്ക്ക് രണ്ട് വനിതാ പോലീസ് ഉദ്യേഗസ്ഥരെയും നിയോഗിച്ചിരുന്നു. ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ജി.ഡി ചാർജ്ജ് ഡ്യൂട്ടിയ്ക്കും, പാറാവ് ഡ്യൂട്ടിയ്ക്കും വനിതകളെയാണ് നിയോഗിച്ചത്. എടത്തല, ബിനാനിപുരം പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ ഡ്യൂട്ടിയും, പെറ്റീഷൻ ഡ്യൂട്ടിയും വനിതകളാണ് നിർവ്വഹിച്ചത്. അങ്കമാലി പോലീസ് സ്റ്റേഷനിൽ ഇന്ന് എസ്.എച്ച്.ഒ ചാർജ്ജ് വഹിച്ചത് വനിതാ എ.എസ്.ഐ ആൻസി.ഇ.ഐ ആയിരുന്നു.കൂടാതെ ഹെൽപ്പ് ഡെസ്ക്കിൽ ഡ്യൂട്ടിലുണ്ടായിരുന്നത് വനിതാ പോലീസ് ഉദ്യോഗസ്ഥയായിരുന്നു. ചെങ്ങമനാട് ജി.ഡി ഡ്യൂട്ടി, പാറാവ്, പി,ആർ.ഒ എന്നി ഡ്യൂട്ടികൾ നോക്കിയിരുന്നത് വനിതകളായിരുന്നു. നെടുമ്പാശ്ശേരിയിൽ പി,ആർ.ഒ ഡ്യൂട്ടിയ്ക്ക് വനിതാ ഉദ്യോഗസ്ഥയെ നിയോഗിച്ചു. നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിൽ ജി.ഡി,പാറാവ്,പി,ആർ.ഒ എന്നി ഡ്യൂട്ടികൾ വനിതകൾക്കായിരുന്നു. വരാപ്പുഴയിൽ പി.ആർ.ഒ ഡ്യൂട്ടിയിൽ വനിത ഉദ്യോഗസ്ഥയായിരുന്നു. വടക്കേക്കരയിൽ ജി.ഡി, വുമൺ ഡെസ്ക്ക്, പെറ്റീഷൻ, അസ്സിറ്റൻറ് സ്റ്റേഷൻ റൈറ്റർ എന്നിവർ വനിതകളായിരുന്നു. പുത്തൻവേലിക്കരയിൽ പി.ആർ.ഒ, പെറ്റീഷൻ ഞാറയ്ക്കലിൽ പി.ആർ.ഒ, പാറാവ് മുനമ്പത്ത് ജി.ഡി, പി.ആർ.ഒ, റൈറ്റർ, പാറാവ് എന്നീ ഡ്യൂട്ടികളും നിർവ്വഹിച്ചത് വനിതകളായിരുന്നു.

പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ജി.ഡി, പാറാവ്, പി,ആർ,ഒ എന്നീ ഡ്യൂട്ടികൾക്ക് നിയോഗിച്ചത് വനിതകളെ ആയിരുന്നു. കോടനാട് ജി.ഡി, കാലടി ജി.ഡി, പാറാവ്, അയ്യംമ്പുഴ ജി.ഡി, കുറുപ്പംപടി ജി.ഡി, പാറാവ്, കോട്ടപ്പടി ജി.ഡി, പിങ്ക് പട്രോൾ, കുന്നത്തുനാട് പി.ആർ.ഒ, തടിയിട്ടപറമ്പ് ജി.ഡി എന്നീ ഡ്യൂട്ടികൾ നിർവ്വഹിച്ചത് വനിതകളായിരുന്നു.

മൂവാറ്റുപുഴ ജി.ഡി, വി.എച്ച്.എഫ്, പെറ്റീഷൻ, പാറാവ്, വാഴക്കുളം ജി.ഡി, പാറാവ്, പിങ്ക് പട്രോൾ, പുത്തൻകുരിശ് ജി.ഡി, പാറാവ്, പി.ആർ.ഒ, കോതമംഗലം ജി.ഡി, പാറാവ്, പി.ആർ.ഒ, പെറ്റീഷൻ, കുട്ടമ്പുഴ ജി.ഡി, പാറാവ്, ഊന്നുകൽ ജി.ഡി, പെറ്റീഷൻ, കല്ലൂർക്കാട് ജി.ഡി. പാറാവ്, പോത്താനിക്കാട് ജി.ഡി, പാറാവ്, പിറവം ജി.ഡി.,പാറാവ് മുളന്തുരുത്തി ജി.ഡി, പാറാവ്, പി.ആർ.ഒ, ചോറ്റാനിക്കര ജി,ഡി, പാറാവ് എന്നീ ഡ്യൂട്ടികൾക്ക് നിയോഗിച്ചത് വനിതകളെ ആയിരുന്നു. കുത്താട്ടുകുളത്ത് എസ്.എച്ച്.ഒ ചാർജ്ജ് വനിതാ എസ്.ഐ ഷീനയ്ക്കായിരുന്നു., കൂടാതെ ജി.ഡി ചാർജ്ജ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചത് വനിതാ പോലീസ് ഉദ്യോഗസ്ഥയെ ആയിരുന്നു.



ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ എസ്.എച്ച്.ഒ ചാർജ്ജ് വഹിക്കുന്ന
വനിതാ സീനിയർ സി.പി.ഒ ഷീബ.കെ